# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 138 — 26.09.2016 ൽ മറുപടിയ്ക്ക്

## പോലീസുകാർക്കെതിരായ അതിക്രമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം.വിൻസെന്റ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ചവറയിൽ 18.08.2016 ൽ പ്രതിഷേധ പ്രകടനത്തിനിടെ എ.എസ്.ഐയെയും പോലീസുകാരെയും മർദ്ദിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും | 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. പ്രതികൾ ക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 294(b), 341, 332, 188 & 149 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) ഏതു വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകളാണ് ഇവരിൽ ചുമത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ ; | | |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസുകാരെ മർദ്ദിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസുകാരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് 96 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) ഈ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ഡി) | 4 കേസുകളിലെ പ്രതികളൊഴികെ മേൽപറഞ്ഞ എല്ലാ കേസുകളിലെയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികൾ ഒളിവിലായതിനാലാണ് അറസ്റ്റ് ചെയ്യാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ